## കേരള സർക്കാർ

### സംഗ്രഹം

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - റാന്നി നിയോജക മണ്ഡലം - പമ്പ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്ന ആവശ്യത്തിലേയ്ക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

സ.ഉ.(സാധാ.)നം.3769/2018/ധന. തിരുവനന്തപുരം, തീയതി 28/04/2018

---

**പരാമർശം : 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**
**2) ശ്രീ. രാജു എബ്രഹാം എം.എൽ.എ ബഹു. ധനകാര്യ മന്ത്രിക്ക് 04.04.2018 ന് നൽകിയ കത്ത്.**

## <u>ഉത്തരവ്</u>

പമ്പ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്ന ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് റാന്നി നിയോജകമണ്ഡലത്തിലെ ശ്രീ. രാജു എബ്രഹാം എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പമ്പ ആക്ഷൻ പ്ലാൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചെലവുകൾക്കായി റാന്നി നിയോജകമണ്ഡലത്തിലെ ശ്രീ. രാജു എബ്രഹാം എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗരേഖയിൽ ഇളവ് വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീ. രാജു. എബ്രഹാം എം.എൽ.എ, കണ്ടനാട്ട്, അങ്ങാടി പി.ഒ, റാന്നി, പത്തനംതിട്ട.
5. ജില്ലാ കളക്ടർ, പത്തനംതിട്ട.
6. ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [816662]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**